ഉത്തരം

(എ) കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണം നടക്കുന്ന അംഗൻവാടികളുടെ നിർമ്മാണ പുരോഗതി ചുവടെ ചേർക്കുന്നു :

| പ്രോജക്ട് | പഞ്ചായത്ത് | അംഗൻവാടി സെന്റർ നമ്പർ | നിർമ്മാണ പുരോഗതി |
|---|---|---|---|
| കല്ല്യാശ്ശേരി അഡീഷണൽ | ഏഴോം | 38 | നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം കഴിഞ്ഞു. |
| കല്ല്യാശ്ശേരി അഡീഷണൽ | ഏഴോം | 48 | നിർമ്മാണം അവസാന ഘട്ടത്തിലാണ്. |

(ബി) ഈ വർഷം നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണം നടത്തുന്നതിന് തെരഞ്ഞെടുത്ത അംഗൻവാടികളിൽ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിലെ അംഗൻവാടികളൊന്നും തന്നെ ഉൾപ്പെട്ടിട്ടില്ല.

**അംഗപരിമിതി സെൻസസ്**

319 (1793) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരളാ സാമൂഹ്യ സുരക്ഷാ മിഷന്റെ നേതൃത്വത്തിൽ അംഗപരിമിത സെൻസസിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രയെന്ന വിശദമാക്കാമോ;

(ബി) സെൻസസിന്റെ വിവരശേഖരണത്തിനായി നിയോഗിച്ചത് ആരെയാണെന്ന് വ്യക്തമാക്കാമോ;

(സി) സെൻസസ് നടത്തിയവർക്ക് പ്രതിഫലമായി കൊടുത്തതും ഇനി കൊടുത്തുതീർക്കാനുണ്ടെങ്കിൽ ആയത് സംബന്ധിച്ചും ഉള്ള വിവരം ലഭ്യമാക്കുമോ;

(ഡി) സെൻസസ് നടത്തിയവരുടെ പ്രതിഫലം വ്യക്തമാക്കാമോ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 5 കോടി രൂപയും 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 5 ലക്ഷം രൂപയുമാണ് അംഗപരിമിത സെൻസസിനായി വകയിരുത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള അംഗൻവാടി വർക്കർമാരെയും ആരോഗ്യ വകുപ്പിലെയും തദ്ദേശസ്വയം ഭരണ വകുപ്പിലെയും നാഷണൽ ഹെൽത്ത് മിഷനിലെയും ജൂനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർമാർ/ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാർ എന്നിവരെയുമാണ് സെൻസസിന്റെ വിവര ശേഖരണത്തിനായി നിയോഗിച്ചത്.

(സി) ആര്യനാട്, കൊല്ലയിൽ ഗ്രാമപഞ്ചായത്തുകളിലും നെയ്യാറ്റിൻകര മുനിസിപ്പാലിയിലും പൈലറ്റ് സെൻസസ് നടത്തിയവർക്ക് പ്രതിഫലമായി 2,27,930 രൂപ നൽകിക്കഴിഞ്ഞിട്ടുണ്ട്. സെൻസസിന്റെ ഡാറ്റാ എൻട്രി പ്രവർത്തനങ്ങൾ പുരോഗതിയിലാണ്. ഡാറ്റാ എൻട്രി പൂർത്തിയായതിനുശേഷം മാത്രമേ ഓരോ എന്യൂമറേറ്റർക്കും നൽകാനുള്ള തുക കൃത്യമായി കണക്കാക്കി നൽകുവാൻ കഴിയുകയുള്ളൂ.

(ഡി) പ്രാഥമിക സെൻസസ് നടത്തിയ അംഗൻവാടി വർക്കർമാർക്ക് വീടൊന്നിന് 5 രൂപയും രണ്ടാംഘട്ട സെൻസസ് നടത്തിയ ആരോഗ്യ വകുപ്പ് ജീവനക്കാർക്ക് വീടൊന്നിന് 15 രൂപയും പ്രതിഫലമായി നിശ്ചയിച്ചിട്ടുണ്ട്.

**ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവരുടെ തൊഴിൽ പ്രശ്നങ്ങൾ**

320 (1794) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവർക്ക് സംസ്ഥാന സർവ്വീസിൽ ഉൾപ്പെടെ നിയമനം ലഭിക്കുന്നതിന് നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇത്തരക്കാർക്ക് സാധാരണക്കാർക്ക് ലഭിക്കുന്ന നീതി ലഭ്യമാക്കുവാൻ നിയമനിർമ്മാണമുൾപ്പെടെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) ഈ വിഷയത്തിൽ എന്തെല്ലാം നടപടികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ട്രാൻസ്ജെൻഡർ വിഭാഗത്തിനായി നിയമനിർമ്മാണങ്ങൾ നടത്തിയിട്ടില്ല. എന്നാൽ ടി വിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ ട്രാൻസ് ജെൻഡർ പോളിസിക്ക് രൂപം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly